**കോവിഡ് കെയർ സെൻറർ നിശ്ചയിക്കുന്നത് ജില്ലാ ഭരണകൂടം**

ആലപ്പുഴ: ക്വാറന്റീനിൽ കഴിയുന്നവർക്ക് കോവിഡ് കെയർ സെൻററുകൾ തെരഞ്ഞെടുക്കുന്നത് ജില്ലാ ഭരണകൂടം ആണെന്നും ഇതിൽ വ്യക്തികൾക്ക് വിവേചനാധികാരം ഇല്ലെന്നും ജില്ലാ കലക്ടർ അറിയിച്ചു. വീടുകളിൽ ക്വാറൻറീൻ സൗകര്യമുള്ളവർ കഴിവതും വീടുകളിൽ താമസിക്കണം. വീടുകളിൽ ക്വാറൻറീൻ സൗകര്യമില്ല എന്ന് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനം റിപ്പോർട്ട് ചെയ്യുന്ന വ്യക്തികൾക്കാണ് ജില്ലാഭരണകൂടം കോവി ഡ് കെയർ സെൻറർ സൗകര്യം നൽകുന്നത്. ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന കോവിഡ്കെയർ സെൻറിലേക്ക് മാറാൻ നിരീക്ഷണത്തിലുള്ളവർ തയ്യാറാകണം. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾ പാലിക്കണം.

ഓരോ വ്യക്തിയുടെയും ക്വാറൻറീൻ പിരീഡ് തീരുമ്പോഴോ ആ വ്യക്തിയെ ആശുപത്രിയിലേക്ക് മാറ്റുമ്പോഴോ അതത് റൂമുകളും കോവിഡ് കെയർ സെൻറർ പരിസരവും അണുനശീകരണം ചെയ്യുന്നുണ്ട്.

ഉദ്യോഗസ്ഥരുടെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഏതെങ്കിലും കോവിഡ് കെയർ സെൻററിലേക്ക് മാറാൻ വിമുഖത കാണിക്കുന്നവർക്കെതിരെ ദുരന്തനിവാരണ നിയമപ്രകാരവും പകർച്ചവ്യാധി നിയമപ്രകാരവും നടപടികളെടുക്കുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു.

**തദ്ദേശ തിരഞ്ഞെടുപ്പ് :രാഷ്ട്രീയ പാർട്ടി യോഗം ജൂലൈ നാലിന്**

ആലപ്പുഴ:വരാനിരിക്കുന്ന തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പിന് മുന്നോടിയായി നിലവിലുള്ള പോളിങ് സ്റ്റേഷനുകളിൽ ആവശ്യമായ പുനക്രമീകരണം ഏർപ്പെടുത്തുന്നതിന് ഈ വിഷയം സംബന്ധിച്ച് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ജൂലൈ നാലിന് വൈകിട്ട് നാലിന് ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) ചേംബറിൽ ചേരും.

**എസ്.എസ്.എൽ.സി വിജയികളെ**

**മന്ത്രി ജി.സുധാകരൻ അഭിനന്ദിച്ചു**

ആലപ്പുഴ:എസ്.എസ്.എൽ.സി പരീക്ഷിയിൽ ഉന്നത വിജയം കൈവരിച്ച മുഴുവൻ വിദ്യാർത്ഥി-വിദ്യാർത്ഥിനികളെയും പൊതുമരാമത്ത്, രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ അഭിനന്ദിച്ചു. അമ്പലപ്പുഴ നിയോജക മണ്ഡലത്തിലും ഉന്നത വിജയം നേടാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞതിലുള്ള സന്തോഷം മന്ത്രി അറിയിച്ചു. കൊവിഡ് 19 കാലത്തും കരുതലോടുകൂടി സർക്കാര് മുൻകൈയെടുത്ത് പരീക്ഷ നടത്തി ഫലപ്രഖ്യാപനം നടത്താന് കഴിഞ്ഞത് മറ്റൊരു നേട്ടമായി.

മണ്ഡലത്തിൽ 100 ശതമാനം വിജയം നേടിയ തോട്ടപ്പള്ളി നാലുചിറ ഹൈസ്കൂൾ, അമ്പലപ്പുഴ ഗവ: മോഡൽ ഹയര് സെക്കണ്ടറി സ്കൂള്, പറവൂർ ഗവ: ഹൈസ്കൂൾ, സെന്റ് ജോസഫ് ഹൈസ്കൂള് പറവൂര്, ഗേൾസ് ഹയർ സെക്കണ്ടറി സ്കൂള് ആലപ്പുഴ, തിരുവമ്പാടി ഹയർ സെക്കണ്ടറി സ്കൂൾ, ഗവ: മുഹമ്മദൻസ് ബോയ്സ് ഹയര് സെക്കണ്ടറി സ്കൂള്

ആലപ്പുഴ, ഗവ: മുഹമ്മദൻസ് ഗേൾസ് ഹയര് സെക്കണ്ടറി സ്കൂള് ആലപ്പുഴ, വട്ടയാൽ സെന്റ് മേരീസ് ഹൈസ്കൂള്, സെന്റാന്റണീസ് ഹൈസ്കൂള് ആലപ്പുഴ, ലജനത്തുൾ മുഹമദിയ സ്കൂള് ആലപ്പുഴ എന്നി സ്കൂളുകളെ പ്രത്യേകം അഭിനന്ദിച്ചു. ഉന്നത വിജയം കരസ്ഥമാക്കിയ മുഴുവൻ സ്കൂളുകൾക്കും ഉപഹാരം നൽകുമെന്നും മന്ത്രി അറിയിച്ചു. അതോടൊപ്പം പ്രളയത്തെ അതിജീവിച്ച കുട്ടനാട്ടിലെ മുഴുവൻ സ്കൂളുകളിലും നൂറു ശതമാനം വിജയം നേടാൻ കഴിഞ്ഞതും ഏറെ അഭിനന്ദനാർഹമാണ്. അമ്പലപ്പുഴ മണ്ഡലത്തിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നൽകിയ പണം ചെറുതല്ല. അതിന്റെ ഫലം വിജയത്തില് കാണാന് കഴിഞ്ഞതില് സന്തോഷിക്കുന്നതായും മന്ത്രി അറിയിച്ചു. ഇതിനായി പ്രയത്നിച്ച മുഴുവൻ അദ്ധ്യാപക രക്ഷകർത്ത്യസമിതിയെയും വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും അഭിനന്ദിക്കുന്നതായും മന്ത്രി ജി.സുധാകരൻ അറിയിച്ചു.

**എസ്.എസ്.എൽ.സി. വിജയികൾക്ക്**

**ജില്ലാ പഞ്ചായത്തിന്റെ അഭിനന്ദനം**

ആലപ്പുഴ: ജില്ലയിൽ നിന്നും 2020 ലെ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വിദ്യാർത്ഥികളിൽ 99.57ശതമാനം പേർ ഉന്നതവിദ്യാഭ്യാസത്തിന് യോഗ്യത നേടി. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ പോലും മഹത്തായ വിജയം കൈവരിച്ച വിദ്യാർത്ഥികളെ ഒരോരുത്തരേയും അദ്ധ്യാപകരേയും ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക അഭിനന്ദനം അർപ്പിക്കുന്നതായി ജില്ല പഞ്ചായത്ത് പ്രസിഡന്റ് ജീ.വേണുഗോപാൽ പറഞ്ഞു. 2018, 2019 മഹാപ്രളയങ്ങൾ പിന്നിട്ട് കോവിഡ്-19 മഹാമാരിയോട് പൊരുതികൊണ്ട്, 100 ശതമാനം വിജയം കൈവരിച്ച സംസ്ഥാനത്തെ തന്നെ ഏക വിദ്യാഭ്യാസ ജില്ലയായി മാറിയ കുട്ടനാട് വിദ്യാഭ്യാസ ജില്ല പ്രത്യക പ്രശംസയ്ക്ക് അർഹമായി. ജില്ലയ്ക്കാകെ അഭിമാനകരമായ ഈ നേട്ടമുണ്ടാക്കുന്നതിന് അക്ഷീണം പ്രവർത്തിച്ച അദ്ധ്യാപകർ, പി.ടി.എ- എസ്.എം.സി ഭാരവാഹികൾ, രക്ഷകർത്താക്കൾ, ജനപ്രതിനിധികൾ അടക്കമുള്ള എല്ലാ വിദ്യാഭ്യാസ പ്രവർത്തകരേയും ജി.വേണുഗോപാലും വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ അഡ്വ:കെ.റ്റി.മാത്യുവും അഭിനന്ദിച്ചു.

**മാവേലിക്കര കെയർ ഹോം: ജില്ലാതല സമിതി രൂപികരിച്ചു**

ആലപ്പുഴ : മാവേലിക്കര തഴക്കര വില്ലേജിൽ നടപ്പാക്കുന്ന കെയർ ഹോം പദ്ധതിയുടെ ജില്ലാതല സമിതി രൂപികരിച്ചു. ജില്ലാ കളക്ടർ എ.അലക്സാണ്ടർ ചെയർമാൻ ആയ സമിതിയിൽ കുമാരപുരം സർവീസ് കോർപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് എ.കെ രാജൻ, മാവേലിക്കര കാർഡ് ബാങ്ക് പ്രസിഡന്റ് ടി. ഹരിശേഖർ, ആലപ്പുഴ ജോയിൻ രജിസ്ട്രാർ പ്രവീൻദാസ്, സംസ്ഥാന സഹകരണ യൂണിയൻ മെമ്പർ എം.സത്യപാലൻ തുടങ്ങിയവർ അംഗങ്ങളാകും. തഴക്കര വില്ലേജിൽ 500 സ്കചയർ ഫീറ്റ് വരുന്ന 40 വീടുകൾ നിർമിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഭവന രഹിതരായ നിർധന കുടുംബങ്ങളിൽ നിന്ന് അർഹരായവർക്ക് സഹകരണ വകുപ്പ് വഴി വീട് നിർമിച്ച് നൽകുന്നതാണ് പദ്ധതി.

**ഡോ. ബി. അശോക് ചുമതലയേറ്റു**
ആലപ്പുഴ: സപ്ലൈകോ ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടറായി ഡോ. ബി. അശോക് ചുമതലയേറ്റു. ജലവിഭവ വകുപ്പ് സെക്രട്ടറിയായിരുന്നു അദ്ദേഹം . വെറ്ററിനറി സർവ്വകലാശാല വൈസ് ചാൻസലർ , ,കേന്ദ്രകൃഷി മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി , ഊർജ്ജ സെക്രട്ടറി തുടങ്ങി പല പദവികളും വഹിച്ചിട്ടുണ്ട് . 98 ബാച്ച് ഐ എ എസ് ഉദ്യോഗസ്ഥനാണ്.

**ഖാദി മാസ്ക്ക് വിപണിയിൽ**

ആലപ്പുഴ:കോവിഡ് മഹാമാരി അതി ജീവനത്തിൽ കേരള ഖാദി ഗ്രാമവ്യവസായ ബോർഡും കൈകോർക്കുന്നു. വൈറസിനെ പ്രതിരോധിക്കുന്നതിനായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദി മാസ്ക്ക് വിപണിയിലിറക്കി. അണുവിമുക്തമാക്കിയ പരുത്തി തുണി കൊണ്ടുള്ള മാസ്ക്കുകളുടെ ഗുണമേന്മ ഇതിനോടകം അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ഖാദി മാസ്ക്ക് പ്രകൃതിദത്തവും സംശുദ്ധവും കഴുകി ഇസ്തിരി ഇട്ട് ഉപയോഗിക്കാവുന്നതുമാണ്. ആലപ്പുഴയിലെ ഖാദി ഗ്രാമ സൗഭാഗ്യയിലും ,ചേർത്തലയിലെ ഖാദി ഗ്രാമ സൗഭാഗ്യയിലും ഖാദി സൗഭാഗ്യയുടെ കായംകുളം ,വെൺമണി , ചാരുംമൂട് എന്നീ വിൽപന ശാലകളിലും ലഭിക്കും.ഫോൺ 0477 2252341 .

--